എ.വൈ.ആർ


സൂറ-11

## ഹൂദ്

وَلَآ أَقُولُ لَكُمْ عِندِى خَزَآئِنُ ٱللَّهِ وَلَآ أَعْلَمُ ٱلْغَيْبَ وَلَآ أَقُولُ إِنِّى مَلَكٌ
وَلَآ أَقُولُ لِلَّذِينَ تَزْدَرِىٓ أَعْيُنُكُمْ لَن يُؤْتِيَهُمُ ٱللَّهُ خَيْرًا ۖ ٱللَّهُ أَعْلَمُ بِمَا
فِىٓ أَنفُسِهِمْ ۖ إِنِّىٓ إِذًا لَّمِنَ ٱلظَّٰلِمِينَ ﴿٣١﴾

31 അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ കൈവശമാണെന്നു ഞാൻ നിങ്ങളോടു പറയുന്നില്ല. എനിക്ക് അതിഭൗതിക കാര്യങ്ങളറിയാമെന്നും പറയുന്നില്ല. ഞാനൊരു മലക്കാണെന്നും വാദമില്ല. നിങ്ങൾ മ്ലേഛരായി കാണുന്നവർക്ക് അല്ലാഹു ഒരിക്കലും ഒരു നന്മയും നൽകില്ല എന്നു പറയാനും ഞാനാളല്ല. അവരുടെ മനസ്സിലുള്ളത് ഏറ്റം അറിയുന്നത് അല്ലാഹു തന്നെയാകുന്നു. എന്നിരിക്കെ, അവർ നന്മ വിലക്കപ്പെട്ടവരാണെന്നു പറഞ്ഞാൽ ഞാൻ തീർച്ചയായും മഹാ അക്രമിയായിത്തീരുന്നതാകുന്നു.

قَالُوا۟ يَٰنُوحُ قَدْ جَٰدَلْتَنَا فَأَكْثَرْتَ جِدَٰلَنَا فَأْتِنَا بِمَا تَعِدُنَآ إِن كُنتَ مِنَ
ٱلصَّٰدِقِينَ ﴿٣٢﴾

32 ഒടുവിൽ അവർ പറഞ്ഞു: ഹേ നൂഹ്, നീ ഞങ്ങളോടു തർക്കിച്ചു; കണ്ടമാനം തർക്കിച്ചു കഴിഞ്ഞല്ലോ. ഇനി നീ ഭീഷണിപ്പെടുത്തുന്ന ദൈവശിക്ഷയൊന്നിങ്ങു കൊണ്ടുവന്നാട്ടെ; നിന്റെ ഭീഷണി സത്യമാണെങ്കിൽ.

قَالَ إِنَّمَا يَأْتِيكُم بِهِ ٱللَّهُ إِن شَآءَ وَمَآ أَنتُم بِمُعْجِزِينَ ﴿٣٣﴾

33 നൂഹ് പ്രസ്താവിച്ചു: ശിക്ഷ കൊണ്ടുവരിക അല്ലാഹു തന്നെയാകുന്നു; അവനിഛി

ച്ചെങ്കിൽ. അതു തടയാൻ നിങ്ങൾക്കാവില്ല.

وَلَا يَنفَعُكُمْ نُصْحِىٓ إِنْ أَرَدتُّ أَنْ أَنصَحَ لَكُمْ إِن كَانَ ٱللَّهُ

يُرِيدُ أَن يُغْوِيَكُمْ ۚ هُوَ رَبُّكُمْ وَإِلَيْهِ تُرْجَعُونَ ﴿٣٤﴾

**34** അല്ലാഹു നിങ്ങളുടെ മാർഗഭ്രംശമാണുദ്ദേശിക്കുന്നതെങ്കിൽ ഞാനെത്ര നന്മയാഗ്രഹിച്ചാലും എന്റെ ഗുണകാംക്ഷ നിങ്ങൾക്ക് ഒരു പ്രയോജനവും ചെയ്യില്ല. അല്ലാഹുവാണ് നിങ്ങളുടെ വിധാതാവ്; അവങ്കലേക്കത്രെ നിങ്ങൾ മടങ്ങിച്ചെല്ലേണ്ടതും.

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ إِنِ ٱفْتَرَيْتُهُۥ فَعَلَىَّ إِجْرَامِى وَأَنَا۠ بَرِىٓءٌ

مِّمَّا تُجْرِمُونَ ﴿٣٥﴾

**35** പ്രവാചകാ, ഈ സന്ദേശം അയാൾ കെട്ടിച്ചമച്ചതാണെന്ന് ഇക്കൂട്ടർ പറയുന്നുവോ?! എങ്കിൽ അവരോടു പറഞ്ഞേക്കുക: ഇതു ഞാൻ കെട്ടിച്ചമച്ചതാണെങ്കിൽ, അതിന്റെ കുറ്റം ഞാനേറ്റെടുത്തുകൊള്ളാം. എന്നാൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങളിൽ നിന്നെല്ലാം ഞാൻ മുക്തനാകുന്നു.

وَلَآ أَقُولُ لَكُمْ= ഞാൻ നിങ്ങളോടു പറയുന്നില്ല

عِندِى= എന്റെ പക്കൽ(കൈവശം)ആണെന്ന്

خَزَآئِنُ ٱللَّهِ= അല്ലാഹുവിന്റെ ഖജനാവുകൾ

وَلَآ أَعْلَمُ= ഞാൻ അറിയുന്നില്ല (എനിക്ക് അറിയാമെന്നും പറയുന്നില്ല)

ٱلْغَيْبَ= അദൃശ്യം(അതിഭൗതിക കാര്യങ്ങൾ) وَلَآ أَقُولُ= ഞാൻ പറയുന്നില്ല

إِنِّى مَلَكٌ= തീർച്ചയായും (നിശ്ചയം) ഞാൻ ഒരു മലക്കാണെന്നും

وَلَآ أَقُولُ= ഞാൻ പറയുന്നില്ല

لِلَّذِينَ تَزْدَرِىٓ أَعْيُنُكُمْ= നിങ്ങളുടെ കണ്ണുകൾ നിസ്സാരമാക്കുന്നവരെക്കുറിച്ച്

(നിങ്ങൾ മ്ലേഛരരായി കാണുന്നവർക്ക്)

لَن يُؤْتِيَهُمُ ٱللَّهُ= അല്ലാഹു അവർക്ക് ഒരിക്കലും നൽകുകയില്ല എന്ന്

خَيْرًا= ഒരു നന്മയും ٱللَّهُ أَعْلَمُ= ഏറ്റം അറിയുന്നവൻ അല്ലാഹു തന്നെയാകുന്നു

بِمَا فِىٓ أَنفُسِهِمْ ۖ= അവരുടെ മനസ്സിലുള്ളതിനെക്കുറിച്ച്

إِنِّىٓ إِذًا= അപ്പോൾ തീർച്ചയായും ഞാൻ (എന്നിരിക്കെ അവർ

നന്മ വിലക്കപ്പെട്ടവരാണെന്ന് ഞാൻ പറഞ്ഞാൽ)

لَّمِنَ ٱلظَّـٰلِمِينَ= അക്രമികളിൽ പെട്ടവൻ തന്നെയാകുന്നു (തീർച്ചയായും മഹാ അക്രമിയായിത്തീരുന്നതാകുന്നു)

قَالُواْ= അവർ പറഞ്ഞു يَـٰنُوحُ= ഹേ നൂഹ്

قَدْ جَـٰدَلْتَنَا= തീർച്ചയായും നീ ഞങ്ങളോടു തർക്കിച്ചു

فَأَكْثَرْتَ= (കണ്ടമാനം) നീ പെരുപ്പിച്ചു

جِدَالَنَا= (തർക്കിച്ചു) ഞങ്ങളോടുള്ള തർക്കം

فَأْتِنَا= ഇനി നീ ഞങ്ങൾക്ക് (ഒന്നിങ്ങു) കൊണ്ടുവന്നാട്ടെ

بِمَا تَعِدُنَآ= (ദൈവശിക്ഷ) നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്നത്

إِن كُنتَ= ആണെങ്കിൽ നീ(നിന്റെ ഭീഷണി)

مِنَ ٱلصَّـٰدِقِينَ= (സത്യം) സത്യവാന്മാരിൽ പെട്ടവൻ قَالَ= അദ്ദേഹം (നൂഹ്) പറഞ്ഞു

إِنَّمَا يَأْتِيكُم بِهِ ٱللَّهُ= അത്(ശിക്ഷ) നിങ്ങൾക്ക് കൊണ്ടുവരിക അല്ലാഹു തന്നെയാകുന്നു

إِن شَآءَ= അവൻ ഇഛരിച്ചെങ്കിൽ وَمَآ أَنتُم= നിങ്ങൾ (നിങ്ങൾക്ക് ആവില്ല)അല്ല

بِمُعْجِزِينَ= (അതു തടയാൻ) കഴിവില്ലാതാക്കുന്നവർ

وَلَا يَنفَعُكُمْ= നിങ്ങൾക്ക് (ഒരു) പ്രയോജനം(നവും) ചെയ്യില്ല

نُصْحِىٓ= എന്റെ ഗുണകാംക്ഷ, സദുപദേശം

إِنْ أَرَدتُّ= (ലും) ഞാൻ ഉദ്ദേശിച്ചാൽ, ശ്രമിച്ചാൽ

أَنْ أَنصَحَ= ഞാൻ ഗുണം(ചെയ്യാൻ)കാംക്ഷിച്ചാൽ لَكُمْ= നിങ്ങൾക്ക്

إِن كَانَ ٱللَّهُ يُرِيدُ= അല്ലാഹു ഉദ്ദേശിച്ചവനായെങ്കിൽ

أَن يُغْوِيَكُمْ= നിങ്ങ(ളുടെ മാർഗഭ്രംശം)ളെ വഴി തെറ്റിക്കാൻ هُوَ= അവനാകുന്നു

رَبُّكُمْ= നിങ്ങളുടെ വിധാതാവ് وَإِلَيْهِ= (ത്രെ) അവങ്കലേക്ക്

تُرْجَعُونَ= നിങ്ങ(ളുടെ മടക്കം)ൾ തിരിച്ചയക്കപ്പെടും

أَمْ يَقُولُونَ= (പ്രവാചകാ) അവർ പറയുന്നുവോ

ٱفْتَرَىٰهُ= (ചതാണെന്ന്) അയാൾ അത്(ഈ സന്ദേശം) കെട്ടിച്ചമച്ചു

قُلْ= (എങ്കിൽ) അവരോടു പറഞ്ഞേക്കുക

إِنِ ٱفْتَرَيْتُهُ= ഇതു ഞാൻ കെട്ടിച്ചമച്ചു(ച്ചതാണ്) എങ്കിൽ

فَعَلَىَّ= (ഞാൻ ഏറ്റെടുത്തുകൊള്ളാം) എന്റെ മേലാകുന്നു

إِجْرَامِى= (അതിന്റെ കുറ്റം) എന്റെ കുറ്റകൃത്യം

وَأَنَا۠ بَرِىٓءٌ= ഞാൻ (ഉത്തരവാദിത്വ)മുക്തനാകുന്നു

مِّمَّا تُجْرِمُونَ= (എല്ലാം) നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങളിൽനിന്ന്

**31:** നൂഹ് നബിയുടെ സമുദായത്തിന്റെ മറ്റെല്ലാ ആക്ഷേപങ്ങൾക്കുമുള്ള മറുപടി ഈ സൂക്തം ഉൾക്കൊള്ളുന്നു. നൂഹിന്റെയും ശിഷ്യന്മാരുടെയും ദാരിദ്ര്യമായിരുന്നു ഒരാക്ഷേപം. ദൈവം നിശ്ചയിക്കുന്ന പ്രവാചകൻ ദൈവത്തിന്റെ പ്രീതിയുള്ളവനായിരിക്കും. ദൈവത്തിന്റെ പ്രീതിയുള്ളവരെ അവൻ പട്ടിണിക്കാരും പാവങ്ങളുമാക്കി വിടുകയില്ല; നല്ല സമ്പത്തും സുഖസമൃദ്ധിയുമുള്ളവരായിട്ടാണ് അവരയക്കപ്പെടുക. നൂഹും കൂട്ടരും ദരിദ്രരാകുന്നു എന്നതുതന്നെ, അവർ ദൈവത്തിന്റെ അപ്രീതിക്കിരയായവരാണെന്നതിന്റെ തെളിവാണ്. അവരെ നിഷേധിക്കുന്ന ഞങ്ങൾ സമ്പത്തും സ്വാധീനവുമുള്ളവരാകുന്നു എന്നത്, ഞങ്ങളിൽ ദൈവത്തിന്റെ പ്രീതിയുണ്ട് എന്നതിന്റെയും തെളിവാണ്. നൂഹി(അ)ന്റെ മറുപടി ഇതാണ്: നിരർഥകമാണ് നിങ്ങളുടെ ഈ ആക്ഷേപം. കാരണം ഞാൻ നിങ്ങൾക്ക് നൽകുന്ന സന്ദേശം, അല്ലാഹുവിന്റെ ഖജനാവുകളുടെ താക്കോലുമായിട്ടാണ് ഞാൻ വന്നിരിക്കുന്നതെന്നോ എനിക്കതിൽനിന്ന് ഇഷ്ടാനുസാരം എടുത്തനുഭവിക്കാൻ കഴിയും എന്നോ അല്ല. മറിച്ച്, അല്ലാഹുവിങ്കലെത്തിച്ചേരാനുള്ള സന്മാർഗത്തിന്റെ താക്കോലാണ് എന്റെ കൈവശമുള്ളത് എന്നാണ് ഞാൻ പറയുന്നത്. എന്നിൽനിന്ന് അത് സ്വീകരിക്കുന്നവർക്ക് സന്മാർഗത്തിൽ പ്രവേശിക്കാം. അവന്റെ പ്രീതി സമ്പാദിക്കാം. അല്ലാഹു അടിമകൾക്ക് ഈ ലോകത്ത് പണവും പ്രതാപവും നൽകുന്നത് അവരോടുള്ള പ്രീതിയുടെയും അപ്രീതിയുടെയും അടിസ്ഥാനത്തിലല്ല. അതിനു അതിന്റേതായ നിയമവും വ്യവസ്ഥയും നിശ്ചയിച്ചിട്ടുണ്ട്. ആ നിയമവ്യവസ്ഥയനുസരിച്ച് അത് ശിഷ്ട ജനത്തിനും ദുഷ്ട ജനത്തിനും ലഭിച്ചുകൊണ്ടിരിക്കും. പരലോകത്ത് അവന്റെ രക്ഷയും അനുഗ്രഹവും നേടുന്നതിനുള്ള മാർഗമാണ് ഞാൻ പറഞ്ഞുതരുന്നത്.

ഞാൻ നിങ്ങൾ ആവശ്യപ്പെടുന്ന ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നില്ല, എനിക്ക് അതിഭൗതിക ജ്ഞാനവും ശക്തികളും ഇല്ല എന്ന ആക്ഷേപവും അപ്രസക്തമാണ്. അതൊക്കെ ഉള്ളവനാണെന്ന് അവകാശപ്പെട്ടുകൊണ്ടല്ല ഞാൻ വന്നത്. മറിച്ച്, അതിഭൗതിക ജ്ഞാനം –علم الغيب– അല്ലാഹുവിനു മാത്രമേയുള്ളൂവെന്നാണ് എന്റെ സന്ദേശം. ദിവ്യാത്ഭുതങ്ങൾ അവൻ ഉദ്ദേശിക്കുമ്പോൾ മാത്രമേ പ്രത്യക്ഷപ്പെടൂ. എനിക്ക് സ്വന്തം നിലയിൽ അഗോചര കാര്യങ്ങൾ പറയാനോ ദിവ്യാത്ഭുതങ്ങൾ കാണിക്കാനോ കഴിയില്ല. അതിനൊക്കെയുള്ള നിരുപാധികമായ കഴിവ് എനിക്കുണ്ടെന്ന് അവകാശപ്പെടുകയാണെങ്കിൽ അത് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയും അവന്റെ ഏകത്വത്തിൽ പങ്കാളിത്തം ആരോപിക്കുകയും ചെയ്യുക എന്ന മഹാപാതകമായിരിക്കും. എന്റെ സന്ദേശത്തെ ഞാൻതന്നെ നിഷേധിക്കലാണത്.

നിങ്ങളെപ്പോലെ ആഹാരം കഴിക്കുകയും വെളിയിലിറങ്ങി നടക്കുകയും കുടുംബ ജീവിതം നയിക്കുകയുമൊക്കെ ചെയ്യുന്ന മനുഷ്യനായിരിക്കുന്നത്, എന്റെ പ്രവാചകത്വത്തെ നിഷേധിക്കുന്ന കാര്യമായി നിങ്ങൾ കാണുന്നു. ഇതൊന്നുമില്ലാത്ത മലക്കായിരിക്കണം പ്രവാചകൻ എന്നാണ് വിചാരം. മാനുഷിക സ്വഭാവങ്ങളൊന്നുമില്ലാത്ത മലക്കോ മലക്കിനു തുല്യനോ ആണെന്ന് ഞാൻ അവകാശപ്പെട്ടിട്ടില്ല. മനുഷ്യനെ മാർഗദർശനം ചെയ്യാൻ നിയുക്തനാകേണ്ടത് മലക്കാണ് എന്ന വിചാരം തന്നെ മൂഢമാണ്. മലക്കിനെ പിന്തുടരാൻ മനുഷ്യർക്കാവില്ല; അതേ പ്രകൃതിയുള്ള മലക്കുകൾക്കേ കഴിയൂ. മനുഷ്യരെ നയിക്കേണ്ടത് മാനുഷിക പ്രകൃതിയുള്ള മനുഷ്യൻ തന്നെയാണ്.

പിന്നെ എന്റെ സഖാക്കൾ നിങ്ങൾ കരുതുന്നതുപോലെ ദൈവം അധഃകൃതരും മ്ലേച്ഛരുമായി സൃഷ്ടിച്ചവരാണെന്നും അവരിൽ ഒരു നന്മയുമുണ്ടാവില്ലെന്നും ഞാൻ

അംഗീകരിക്കുന്നില്ല; മനുഷ്യന്റെ ശിഷ്ടതയും ദുഷ്ടതയും അവന്റെ ആത്മാവിന്റെ, വ്യക്തിത്വത്തിന്റെ അവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ നിന്ദിക്കുന്ന ഈ പാവങ്ങളുടെ ആത്മാവിൽ നന്മയാണോ തിന്മയാണോ, ഔന്നത്യമാണോ അധമത്വമാണോ ഉള്ളതെന്ന് അല്ലാഹുവിനേ അറിയൂ. എന്നിരിക്കെ ഞാൻ അവരെ ദുഷ്ടരായി വിധിക്കുകയും ആട്ടിയോടിക്കുകയും ചെയ്യുകയാണെങ്കിൽ അത് മഹാഅക്രമമാകുന്നു.

لِلَّـذِينَ تَـزْدَرِىٓ أَعْيُنُكُـمْ എന്ന വാക്യത്തെയാണ്, 'നിങ്ങൾ മ്ലേഛരായി കാണുന്നവർ' എന്ന് തർജമ ചെയ്തിട്ടുള്ളത്. നിങ്ങളുടെ കണ്ണുകൾ നിസ്സാരരാക്കുന്നവർ എന്നാണ് ഭാഷാർഥം. നിസ്സാരമാക്കൽ, ന്യൂനീകരിക്കൽ എന്നർഥമുള്ള زري ൽ നിന്നുള്ള إزدراءിന്റെ രൂപങ്ങളിൽ പെട്ടതാണ് تَـزْدَرِىٓ. ഇതിന്റെ അസ്സൽരൂപം تزترى എന്നാണ്. ഉച്ചാരണ സുഖത്തിനുവേണ്ടിയാണ് മധ്യത്തിലുള്ള ت യെ د ആക്കി മാറ്റുന്നത്.

**32:** നൂഹ് നബി(അ)ക്കെതിരെ അവിശ്വാസികൾ ഉന്നയിച്ച ആക്ഷേപങ്ങളുടെയും അതിന് അദ്ദേഹം നൽകിയ മറുപടിയുടെയും ആകത്തുകയാണ് മുൻ സൂക്തങ്ങളിൽ അവതരിപ്പിച്ചത്. ഈ വാദപ്രതിവാദം ഏറക്കാലം നീണ്ടുപോയി. എതിർവാദങ്ങൾ ഒന്നൊന്നായി ഖണ്ഡിക്കപ്പെട്ടു. നൂഹിന്റെ സന്ദേശം തള്ളിക്കളയാൻ തങ്ങളുടെ ഭാഗത്ത് ഇനിയും ന്യായമായ കാരണങ്ങളൊന്നും ഉന്നയിക്കാനില്ലെന്ന അവസ്ഥയിലെത്തിയപ്പോൾ അവരവലംബിച്ച അവസാനത്തെ അടവാണ് ഈ സൂക്തം വെളിപ്പെടുത്തുന്നത്. നൂഹ് നബിക്കു ശേഷവും പല സമുദായങ്ങളും പ്രവാചകന്മാർക്കു മുമ്പിൽ ഉത്തരം മുട്ടിയപ്പോൾ അവസാനം ഈ വാദത്തിൽ അഭയം തേടിയതായി ഖുർആൻ ഉദ്ധരിക്കുന്നുണ്ട്.

നൂഹ് ജനതയുടെ അന്തിമവാദം ഇതായിരുന്നു: ഹേ നൂഹ്, നീ വളരെ കാലമായി നിന്റെ ആശയങ്ങൾ ഞങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നാം തമ്മിൽ ഒരുപാട് തർക്കിച്ചു കഴിഞ്ഞു. നിന്നെ പിന്തിരിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുപോലെ നിന്റെ സുവിശേഷങ്ങളും താക്കീതുകളും സത്യമാണെന്ന് ഞങ്ങളെ ബോധ്യപ്പെടുത്താൻ നിനക്കും കഴിഞ്ഞിട്ടില്ല. എന്നാൽ ദൈവത്തിന്റെ ദൂതൻ എന്നവകാശപ്പെടുന്ന നിനക്ക് നിന്റെ വാദം സത്യമാണെന്ന് സ്ഥിരപ്പെടുത്താൻ നല്ലൊരു വഴിയുണ്ട്. നീ കുറെക്കാലമായല്ലോ പേടിപ്പെടുത്തിക്കൊണ്ടിരിക്കുന്നു; നിന്നെയും നിന്റെ സന്ദേശത്തെയും തള്ളിക്കളഞ്ഞാൽ ഞങ്ങൾ ദൈവകോപത്തിനിരയായി നശിക്കുമെന്ന്. ഞങ്ങളിതാ നിന്നെയും നിന്റെ ആദർശത്തെയും അസന്ദിഗ്ധമായി തള്ളിക്കളഞ്ഞിരിക്കുന്നു. ഇനി താമസിക്കേണ്ട, നീ ഭീഷണിപ്പെടുത്തിയ ആ മഹാശിക്ഷ വരുത്തി ഞങ്ങളെ നശിപ്പിച്ചു കളഞ്ഞാട്ടെ. നീ പറയുന്നതിൽ വല്ല സത്യവുമുണ്ടെങ്കിൽ, അതാണിപ്പോൾ ചെയ്തുകാണിക്കേണ്ടത്.

തങ്ങൾ പുലർത്തിവരുന്ന വിശ്വാസാചാരങ്ങൾക്കപ്പുറം യാതൊരു സത്യവുമില്ല എന്ന മൗഢ്യത്തിന്റെ കടുപ്പമാണ് അവരെക്കൊണ്ട് ഇങ്ങനെ പറയിക്കുന്നത്. വാസ്തവത്തിൽ അവരുടെ ഈ ആവശ്യവും ഒരു വിദണ്ഡവാദമായിരുന്നു. തന്നെയും തന്റെ സത്യസന്ദേശത്തെയും തള്ളിക്കളഞ്ഞാൽ താൻ അവരെ ശിക്ഷിച്ചു നശിപ്പിക്കുമെന്ന് നൂഹ്(അ) അവരെ താക്കീതു ചെയ്തിട്ടില്ല. അധർമകാരികളെയും ദൈവധിക്കാരികളെയും ദൈവം ശിക്ഷിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ താക്കീത്. ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ് നിങ്ങളെ ശിക്ഷിക്കുമെന്ന് താക്കീതു ചെയ്തത്. അല്ലാഹു താക്കീതു ചെയ്ത ശിക്ഷ നടപ്പിലാക്കേണ്ടത് അവനാണ്. അവൻ ഉദ്ദേശിക്കുമ്പോൾ അതു നടപ്പിലാക്കുകതന്നെ ചെയ്യും. അന്ന് അത് നടപ്പിലാകുന്നതു തടയാൻ അല്ലെങ്കിൽ അതിനെ അതിജയിക്കാൻ നിങ്ങൾക്കാ

വില്ല. നിങ്ങളെ രക്ഷിക്കാൻ എനിക്കും കഴിയില്ല. അതുകൊണ്ട് ആ ശിക്ഷ യാഥാർഥ്യമാകുന്നതിനു മുമ്പ് അതിന്റെ സാധ്യത മനസ്സിലാക്കി അതിൽനിന്ന് രക്ഷപ്പെടാൻ ഞാൻ പറയുന്ന മുൻകരുതലുകളെടുക്കുക എന്നതാണ് നിങ്ങൾ സ്വീകരിക്കേണ്ട ബുദ്ധിപൂർവമായ നിലപാട്. അതല്ലാതെ ശിക്ഷ പെട്ടെന്നിങ്ങു വന്നെത്താൻ ധൃതികൂട്ടുന്നത് മഹാ വിഡ്ഢിത്തമാണ്.

**34:** നിർഭാഗ്യവശാൽ എന്റെ ഗുണകാംക്ഷാപൂർവമായ ഉപദേശങ്ങളൊന്നും നിങ്ങളിൽ അശേഷം ഏശുന്നില്ല. സത്യം കണ്ടെത്തുകയും ആചരിക്കുകയും ചെയ്യണമെന്ന ആത്മാർഥമായ താൽപര്യത്തോടെ കാര്യങ്ങൾ ബുദ്ധിപൂർവം ചിന്തിച്ചു ഗ്രഹിക്കുന്നവർക്കേ എന്റെ ഗുണകാംക്ഷ പ്രയോജനപ്പെടൂ. ജഡികേഛകൾ കെട്ടിപ്പൊക്കിയ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ആലയങ്ങളിൽ സ്വയം കെട്ടിയിട്ടവർ സന്മാർഗഭ്രഷ്ടരായി പൈശാചിക മാർഗങ്ങളിലൂടെ സഞ്ചരിക്കുക എന്നത് അല്ലാഹുവിന്റെ തീരുമാനമാണ്. അഥവാ അവൻ നിശ്ചയിച്ച പ്രകൃതി നിയമമാണ്. നിങ്ങൾ അല്ലാഹുവിന്റെ ആ നിയമം ബാധകമായവരാണെങ്കിൽ പിന്നെ നിങ്ങളുടെ രക്ഷക്കുവേണ്ടി എത്ര ആത്മാർഥമായും നിസ്വാർഥമായും പരിശ്രമിച്ചാലും അക്കാര്യത്തിൽ എനിക്കു വിജയിക്കാനാവില്ല. അല്ലാഹുവാണ് എല്ലാത്തിന്റെയും വിധാതാവ്. അവൻ വിധിക്കുന്നതേ നടക്കൂ. അവസാനം നിങ്ങളെല്ലാവരും അവന്റെ സന്നിധിയിൽ തിരിച്ചെത്തും. അപ്പോഴറിയാം നിങ്ങളുടെ നിലപാടിന്റെ യാഥാർഥ്യം.

പ്രബോധനത്തിന്റെയും ഉൽബോധനത്തിന്റെയും അവസാനത്തെ പടിയാണിത്. തന്റെ ഉത്തരവാദിത്വം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് തന്നെ തള്ളിക്കളഞ്ഞവരെ അല്ലാഹു അവർക്ക് നിശ്ചയിച്ചിട്ടുള്ള വിധിക്ക് ഏൽപിച്ചു കൊടുക്കുകയാണ് പ്രവാചകൻ. ഇനി എല്ലാം വിധാതാവിന്റെ കരങ്ങളിലാണ്. അവന്റെ മുന്നിലെത്തിച്ചേരുന്നവരാണെല്ലാവരും.

نصيحةന്റെ മറ്റൊരു രൂപമാണ് نصح. ഗുണകാംക്ഷ, ഗുണകാംക്ഷാപൂർണമായ ഉപദേശം, അപരന്ന് ഗുണം ആഗ്രഹിച്ചു ചെയ്യുന്ന സേവനം എന്നീ അർഥങ്ങളുമുണ്ടീ പദങ്ങൾക്ക്. أنصح لهന് أخلص اليه الودّ (അയാളെ ആത്മാർഥമായി സ്നേഹിച്ചു, അയാളുടെ ഗുണത്തിനുവേണ്ടി നിസ്വാർഥമായി ശ്രമിച്ചു) എന്നാണർഥം.

**35:** ഈ സൂക്തം രണ്ടു തരത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. നൂഹ് നബിയുടെ കഥാകഥനത്തിനിടയിൽ മുഹമ്മദ് നബിയോടുള്ള സംബോധന ആനുഷംഗികമായി കടന്നുവന്നതാണെന്നാണ് ഒരഭിപ്രായം. അതനുസരിച്ച് സൂക്ത താൽപര്യം ഇതാണ്: മുഹമ്മദ്(സ) ഈ കഥകളുദ്ധരിക്കുമ്പോൾ, ഞങ്ങളെ വിരട്ടാൻ നൂഹിനെ നായകനാക്കി അദ്ദേഹം കെട്ടിച്ചമക്കുന്നതാണീ കഥകളൊക്കെ എന്നു കരുതുന്ന ചിലർ മക്കയിലെ സത്യനിഷേധികളുടെ കൂട്ടത്തിലുണ്ടല്ലോ. അവരോട് ഏറെ തർക്കിച്ചിട്ടു കാര്യമില്ല. ഇത്രമാത്രം പറഞ്ഞാൽ മതി. ഈ ഖുർആൻ ഞാൻ കെട്ടിച്ചമച്ചു പറയുന്നതാണെങ്കിൽ അതു മഹാപാതകം തന്നെയാണ്. അതിന്റെ ശിക്ഷ ഞാൻ അനുഭവിച്ചു കൊള്ളാം. ആ കുറ്റഭാരത്തിൽ യാതൊരംശവും നിങ്ങളാരും വഹിക്കേണ്ടിവരില്ല. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഉറപ്പായ മഹാ പാതകങ്ങളുണ്ടല്ലോ, അതിൽ എനിക്കും യാതൊരു ഉത്തരവാദിത്വവുമില്ല. അതിന്റെ ശിക്ഷ മുഴുവൻ നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും.

ഈ സൂക്തം നൂഹ് കഥയുടെ ഭാഗം തന്നെയാണെന്നാണ് രണ്ടാമത്തെ വീക്ഷണം. ഇതാണ് കൂടുതൽ പ്രബലം. കാരണം ഈ വാക്യത്തിനു മുമ്പും പിമ്പും പരാമർശിക്കുന്നത് നൂഹ് നബിയെ തന്നെയാണ്. ഇടക്ക് മുഹമ്മദ് നബിയെ സംബോധ

ചെയ്യുന്നതിന് ഔചിത്യമേകുന്ന ആനുഷംഗികതയൊന്നും ഇവിടെ പ്രകടമാകുന്നില്ല. ഇബ്നു അബ്ബാസ് ഉൾപ്പെടെയുള്ള പല വ്യാഖ്യാതാക്കളും സ്വീകരിച്ചിട്ടുള്ളത് ഈ വ്യാഖ്യാനമാണ്. പ്രബോധനത്തിന്റെ സമാപന പ്രഖ്യാപനം നടത്തിയ നൂഹ് നബിയോട് അല്ലാഹു നിർദേശിക്കുകയാണ്: പ്രവാചകന്റെ ഈ പ്രബോധനം ദൈവിക സന്ദേശമല്ല, ഇയാൾ സ്വയം കെട്ടിച്ചമച്ച വ്യാജങ്ങളാകുന്നു എന്നു തന്നെ ഇനിയും അവർ വാദിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ കൂടുതൽ തർക്കത്തിനു പോകേണ്ടതില്ല. അവരോട് ഇത്രമാത്രം പറഞ്ഞേക്കുക: എന്റെ ഈ സന്ദേശം ഞാൻ സ്വയം നിർമിച്ചുണ്ടാക്കി അല്ലാഹുവിന്റെ പേരിൽ ആരോപിക്കുന്നതാണെങ്കിൽ ആ കുറ്റത്തിന് ഉത്തരവാദി ഞാൻ തന്നെയാകുന്നു. അതല്ല ഈ സന്ദേശം സത്യം തന്നെ ആയിരിക്കെ നിങ്ങൾ മനഃപൂർവം അതിനോട് ധിക്കാരം കാട്ടുകയാണെങ്കിൽ ആ കുറ്റത്തിൽ എനിക്ക് യാതൊരു പങ്കുമില്ല; അതിന്റെ ഭാരം പൂർണമായി നിങ്ങൾ തന്നെ വഹിക്കണം. പ്രബോധിത സമൂഹത്തെക്കുറിച്ചുള്ള ദൈവിക തീരുമാനം നടപ്പിലാകാൻ പോകുന്നതിന്റെ മുന്നോടിയായിട്ടാണ് പ്രവാചകന്മാർ ഈ വിധം ഉത്തരവാദിത്വമുക്തി പ്രഖ്യാപിക്കാറുള്ളത്. ■